# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം **നം.835**

**05.02.2020** -ൽ മറുപടിയ്ക്ക്

### ഇൻഡ്യൻ ഫോറസ്റ്റ് ആക്ട് ,1927 - ന്റെ ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനൂപ് ജേക്കബ് : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഇൻഡ്യൻ ഫോറസ്റ്റ് ആക്ട്, 1927 ഭേദഗതി ചെയ്യുന്നതിനായുള്ള കരട് നിർദ്ദേശത്തിന്മേൽ സംസ്ഥാന സർക്കാർ അഭിപ്രായങ്ങൾ സമാഹരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (എ) സമർപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും ഇതിലേയ്ക്കായി പൊതുജനങ്ങളിൽ നിന്നും അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ബി) ഇന്ത്യൻ ഫോറസ്റ്റ് ആക്ട്, 1927 ഭേദഗതി ചെയ്യുന്നതിനായുള്ള കരട് നിർദ്ദേശത്തിന്മേൽ എല്ലാ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരോടും അഭിപ്രായങ്ങൾ ആവശ്യപ്പെട്ടിരുന്നതും ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുമായി ചർച്ചചെയ്ത് ടിയാന്മാർ അഭിപ്രായങ്ങൾ ലഭ്യമാക്കിയിരുന്നതുമാണ്. കേന്ദ്രസർക്കാരിന്റെ കരട് ഭേദഗതി വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡി.എഫ്.ഒ. മാരും സർക്കിൾ സി.സി.എഫ് മാരും |

ലഭ്യമാക്കിയ അഭിപ്രായങ്ങൾ സി.സി.എഫ് കൗൺസിൽ യോഗങ്ങളിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി. തുടർന്ന് സംസ്ഥാന സർക്കാർ ഇക്കാര്യത്തിനായി 19.09.2019 ൽ യോഗം വിളിക്കുകയും വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് തുടങ്ങിയവരുമായി സർക്കാർ കരട് ഭേദഗതികൾ വിശദമായി ചർച്ചചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങളും, ഭേദഗതികളും ഉൾക്കൊള്ളിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ടി ചർച്ചകളിലും, തീരുമാനങ്ങളിലും ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും, ഭേദഗതികളും ഉൾപ്പെടുത്തി കരട് ഭേദഗതികൾ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് 17.10.2019 - ൽ സംസ്ഥാന സർക്കാരിന് സമർപ്പിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ അഭിപ്രായം 04/11/2019 – ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

Praveen

സെക്ഷൻ ഓഫീസർ